## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.820 11.06.2014-ൽ മറുപടിക്ക്

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

### ചോദ്യം
ശ്രീ. എം.ഹംസ

എ. ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഏതെല്ലാം കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനുണ്ട് ; ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

### മറുപടി
ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

എ. ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്.

| നം | പദ്ധതിയുടെ പേര് | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 1 | നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന കരിമ്പുഴ ശുദ്ധജല വിതരണ പദ്ധതി | ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. പവർ കണക്ഷൻ ലഭിച്ചാൽ മാത്രമേ മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| 2 | NRDWP യിൽ ഉൾപ്പെടുത്തി കരിമ്പുഴ പഞ്ചായത്തിലെ കേടുവന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി | ടെണ്ടർ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | നബാർഡ് ധനസഹായത്തോടെ ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി | ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. പവർ കണക്ഷൻ ലഭിച്ചാൽ മാത്രമേ മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. |
| 4 | NRDWP യിൽ ഉൾപ്പെടുത്തി ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകളിലും വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

| | | |
|---|---|---|
| 5 | UIDSSMTയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതി | പ്രധാന ഘടകങ്ങളായ ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, വിതരണ ശൃംഖല, മേഖല I &IV എന്നിവ പൂർത്തീകരിച്ചു ക്ലീയർ വാട്ടർ പമ്പിംഗ് മെയിൻ,പമ്പ് സെറ്റുകൾ, ട്രാൻസ് ഫോർമർ, എച്ച്.റ്റി. പവർ കണക്ഷൻ ലഭ്യമാക്കൽ എന്നിവ പൂർത്തീകരിക്കാനുണ്ട്. |

| | | | |
|---|---|---|---|
| ബി. | ഓരോ കുടിവെള്ള പദ്ധതിയുടെയും വിശദാംശവും അടങ്കൽ തുകയും എത്രയെന്ന് വിശദമാക്കുമോ ; | ബി. & സി. | ഓരോ കുടിവെള്ള പദ്ധതിയുടെയും വിശദാംശവും അടങ്കൽത്തുകയും പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി. | ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്;. എന്തെല്ലാം പണികൾ ചെയ്തിട്ടുണ്ട്; ഇനി ഏതെല്ലാം പണികൾ ചെയ്യുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | | |
| ഡി. | ഓരോ പ്രവൃത്തിക്കുമായി എത്ര ശതമാനം തുക ചെലവഴിച്ചു ;എത്ര ശതമാനം ജോലി പൂർത്തിയാക്കി ; എന്നത്തേക്ക് പദ്ധതി | ഡി. | 1.<u>സ്ലാൻ - കരിമ്പുഴ കുടിവെള്ള പദ്ധതി</u><br>ഈ പദ്ധതിക്കായി 87.4 % തുക ചെലവഴിച്ചു.<br>99 % പണി പൂർത്തിയാക്കി. പദ്ധതി 2014 സെപ്റ്റംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

പൂർത്തീകരിക്കുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ ?

2. <u>സ്വാൻ - ശ്രീകൃഷ്ണപുരം കടിവെള്ള പദ്ധതി</u>

ഈ പദ്ധതിക്കായി 91.7 % തുക ചെലവഴിച്ചു. 99 % പണി പൂർത്തിയാക്കി. പദ്ധതി 2014 സെപ്റ്റംബറിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

3. <u>UIDSSMT ഒറ്റപ്പാലം കടിവെള്ള പദ്ധതി</u>

ഈ പദ്ധതിക്കായി 74 % തുക ചെലവഴിച്ചു. 78 % പണി പൂർത്തീകരിച്ചു. 2014 നവംബറിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**